# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 22/05/ 2020

## ഹോം ക്വാറന്റൈൻ ലംഘനം ഓച്ചിറ സ്വദേശിക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

കൊല്ലം : വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവർ നിർബന്ധമായും ക്വാറന്റൈനിൽ കഴിയണമെന്ന സർക്കാർ നിർദേശം ലംഘിച്ച് ബാംഗ്ലൂരിൽ നിന്നെത്തി ഹോം ക്വാറന്റൈനിൽ പാർപ്പിച്ചിരുന്ന അഴീക്കൽ പറയിടത്ത് വീട്ടിൽ പ്രഭു ചക്രവർത്തി (23) മാനദണ്ഡങ്ങൾ ലംഘിച്ച് വീട്ടിൽ നിന്നും പുറത്ത് പോയതിനെത്തുടർന്ന് ടിയാനെതിരെ ക്വാറന്റൈൻ ലംഘനത്തിന് കേസ് രജിസ്റ്റർ ചെയ്ത് ആംബുലൻസിൽ വള്ളിക്കാവ് കാവേരി ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചു. ഹോം ,ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ കഴിയുന്നവർ പുറത്ത് പോകുന്നില്ല എന്നും സാമൂഹ്യ അകലം പാലിക്കുന്നുണ്ട് എന്നും ഉറപ്പ് വരുത്തുന്നതിലേക്ക് നിരീക്ഷണത്തിന് ശക്തമായ പോലീസ് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ നിർദേശിച്ച ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും കഴിയുന്നവർ ക്വാറന്റൈൻ നിഷ്കർഷകൾ പാലിക്കേണ്ടതാണെന്നും നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശന നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.